# വിജ്ഞാപനം

പോൾ ആലപ്പാട്ട്

No. 102/2024 - C2
26-05-2024

## രാമനാഥപുരം 14-ാം രൂപതാദിനവും
## സീറോമലബാർ സഭാ പുതിയ മേജർ ആർച്ചുബിഷപ്പിന് സ്വീകരണവും

ഈശോമിശിഹായ്ക്ക് സ്തുതി!

നിങ്ങൾക്ക് അറിയാവുന്നതുപോലെ, നമ്മുടെ 14-ാം രൂപതാദിനവും സീറോമലബാർ സഭയുടെ പുതിയ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിനുള്ള സ്വീകരണവും 08.06.2024 ശനിയാഴ്ചയാണല്ലൊ നാം ക്രമീകരിച്ചിട്ടുള്ളത്. ഒരു രൂപതയെ സംബന്ധിച്ചിടത്തോളം രൂപതാദിനം കുടുംബസംഗമമാണ്. ഈശോയുടെ നാമത്തിൽ ഒന്നിച്ചുകൂടി പ്രാർത്ഥിയ്ക്കാനും നല്ലദൈവം നടത്തിയ വഴികളും കരുണാപൂർവ്വം നല്കിയ അനുഗ്രഹങ്ങളും ഓർത്ത് നന്ദിപറയാനും അനുഭവങ്ങളും വീക്ഷണങ്ങളും പങ്കുവയ്ക്കാനുമുള്ള അവസരം. രൂപതയാകുന്ന കുടുംബത്തിന്റെ/പ്രാദേശിക സഭയുടെ ഭാഗമാണ് തങ്ങളെന്നും രൂപതയുടെ വളർച്ചയും തളർച്ചയും തങ്ങളുടെത്തന്നെ വളർച്ചയും തളർച്ചയുമാണെന്നും രൂപത നേരിടുന്ന വെല്ലുവിളികളും പരിമിതികളും തങ്ങളുടെത്തന്നെ വെല്ലുവിളികളും പരിമിതികളുമാണെന്നും തിരിച്ചറിഞ്ഞ് രൂപതാകൂട്ടായ്മയ്ക്കും വിശ്വാസവളർച്ചയ്ക്കും വേണ്ടി രൂപതാംഗങ്ങൾ പുനരർപ്പണം ചെയ്യാനുള്ള അവസരം കൂടിയാണിത്.

2010 ജനുവരി 18ന് പ്രഖ്യാപിക്കപ്പെടുകയും ആ വർഷം തന്നെ ഏപ്രിൽ 11ന് നിലവിൽ വരികയും ചെയ്ത നമ്മുടെ രൂപത 14 വർഷം പിന്നിടുമ്പോൾ ഒരു കാര്യം വ്യക്തം: ദൈവത്തിന്റെ അനന്തമായ കൃപയും ഇന്ത്യയിലും വിദേശത്തുമുള്ള സഹോദരീസഹോദരന്മാരുടെ നല്ലമനസ്സും ഔദാര്യവും കൊണ്ടുമാത്രമാണ് ഇതുവരെ എന്തെങ്കിലും ചെയ്യാൻ നമുക്ക് സാധിച്ചത്. ഇത്തരുണത്തിൽ ഇതിനകം രൂപതയിൽ സ്ഥിരമായും അല്ലാതെയും ശുശ്രൂഷചെയ്ത വൈദികരുടെയും സമർപ്പിതരുടെയും ത്യാഗനിർഭരമായ നേതൃത്വവും അദ്ധ്വാനം നിറഞ്ഞ വിവിധ ശുശ്രൂഷകളും ഞാൻ നന്ദിയോടെ ഓർക്കുന്നു. ആളും അർത്ഥവും നല്കി, രൂപതയ്ക്ക് താങ്ങും തണലുമായി വർത്തിച്ച, സാമ്പത്തികസഹായം നല്കി സഹായിച്ച അല്മായ സഹോദരരും രൂപത കെട്ടിപടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചവരാണ്. ദൈവവിളികൾ പൊതുവേ കുറഞ്ഞുവെങ്കിലും ഇതിനകം രൂപതയ്ക്ക് സ്വന്തമായി 34 വൈദികരെയും രൂപത തിരിഞ്ഞതിനുശേഷം 30 ഓളം സന്യാസവൈദികരേയും സന്യാസിനികളേയും ലഭിച്ചുവെന്നതും ഏറെ സന്തോഷകരവും ദൈവാനുഗ്രഹപ്രദവുമായ കാര്യമാണ്. അതുപോലെ, ഇക്കാലഘട്ടത്തിൽ രൂപതയിൽ രൂപീകൃതമായ വിശ്വാസസമൂഹങ്ങളും ജീവകാരുണ്യ സ്ഥാപനങ്ങളും നിർമ്മിക്കപ്പെട്ട പള്ളികളും മിഷൻകേന്ദ്രങ്ങളും നല്ല ദൈവത്തിന്റെ കരുതലിന്റെയും കരുണയുടെയും നിദർശനങ്ങളാണ്.

ഈ വർഷത്തെ രൂപതാദിനത്തിന് ചാരുതയും ധന്യതയും പകരുന്ന ഒരുകാര്യമാണ് നമ്മുടെ സഭയുടെ പുതിയ മേജർ ആർച്ചുബിഷപ്പായ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് മുഖ്യതിഥിയായി വരുന്നുവെന്നത്. ആഗോളസഭയും സീറോമലബാർ സഭയും പലതരത്തിലുള്ള വെല്ലുവിളികളിലൂടെ, പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ സഭാനേതൃത്വം ഏറെ കനത്തതും ക്ലേശകരവുമാണ്. അദ്ദേഹത്തിനും സഭയിലെ മറ്റു പിതാക്കന്മാർക്കും നമ്മുടെ വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരർക്കും വേണ്ടി നമുക്ക് പ്രാർത്ഥിയ്ക്കാം.

ജൂൺ 8-ാം തീയതി അഭിവന്ദ്യ തട്ടിൽ പിതാവ് നമ്മുടെ രൂപതയിലേയ്ക്ക് വരുന്നത് മേജർ ആർച്ചുബിഷപ്പിന്റെ ഔദ്യോഗിക സന്ദർശനമായിട്ടല്ല, അത് പിന്നീടുണ്ടാകും. പുതിയ മേജർ ആർച്ചുബിഷപ്പ് എന്നനിലയിൽ രൂപതാദിനത്തോടനുബന്ധിച്ച് അദ്ദേഹത്തിന് സ്വീകരണം നല്കുന്നുവെന്ന് മാത്രം. അദ്ദേഹത്തിന് നമ്മെ കാണാനും കേൾക്കാനും ഒരവസരം. അതുകൊണ്ടുതന്നെ രൂപതാദിനവും സ്വീകരണപരിപാടിയും കെട്ടിലും മട്ടിലും ലളിതമാകണം, പ്രാർത്ഥനാ നിർഭരമാകണം.

ജൂൺ 8ന് കാലത്ത് 9.15 മുതൽ ഉച്ചകഴിഞ്ഞ് 4.30 വരെ രാമനാഥപുരം കത്തീഡ്രലിൽ നടക്കുന്ന രൂപതാദിനത്തോടനുബന്ധിച്ചുള്ള വി. കുർബാനയിലും മീറ്റിങ്ങുകളിലും മുൻവർഷങ്ങളിലെപോലെ, താഴെപറയുന്ന രീതിയിൽ പ്രതിനിധികൾ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു:

A. **കാലത്ത് 9.30ന് തുടങ്ങുന്ന വി. കുർബാനയ്ക്ക്:**

a. രൂപതാശുശ്രൂഷകളിലുള്ള വൈദികർ (വി. കുർബാനയ്ക്കുള്ള തിരുവസ്ത്രം - ഫുൾ സെറ്റ് - ഓരോരുത്തരും കൊണ്ടുവരണം).

b. രൂപതാതിർത്തിയിലെ മേജർ സുപ്പീരിയേഴ്സും കൗൺസിലേഴ്സും + സന്യാസഭവനങ്ങളുടെ അധികാരികളും, രൂപതാ എസ്.എം.ആർ.സി. എക്സിക്യുട്ടീവ് കമ്മിറ്റിയും.

c. പാസ്റ്ററൽ കൗൺസിൽ അജണ്ടാകമ്മിറ്റി

d. ഇടവകകളിലേയും മിഷൻസെന്ററുകളിലേയും കൈക്കാരന്മാർ / കോ-ഓർഡിനേറ്റേഴ്സ്

e. രൂപതാ വൈദിക വിദ്യാർത്ഥികളുടെ 5 പ്രതിനിധികൾ

f. സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും രൂപതാതല പ്രസിഡന്റുമാരും സെക്രട്ടറിമാരും കുടുംബക്കൂട്ടായ്മകളുടെ രൂപതാതല കോ-ഓർഡിനേഷൻ കമ്മിറ്റിയും.

g. രൂപതാദിന കോർകമ്മിറ്റി

h. പൗരോഹിത്യ-സന്യാസ-വിവാഹജൂബിലിയാഘോഷിക്കുന്നവർ.

B. **വി. കുർബാനയ്ക്കുശേഷമുള്ള മീറ്റിങ്ങുകൾ:**

| | | | |
|---|---|---|---|
| a. | 11.00am | : | രൂപതാശുശ്രൂഷകളിലുള്ള വൈദികർ മാത്രം. |
| b. | 11.30am | : | രൂപതാതിർത്തിയിലുള്ള സന്യാസ മേജർ സുപ്പീരിയേഴ്സ് + കൗൺസിലേഴ്സ് + സന്യാസ ഭവനങ്ങളുടെ സുപ്പീരിയേഴ്സ് + രൂപതാ SMRC എക്സിക്യുട്ടീവ് കമ്മിറ്റി മാത്രം. |
| c. | 12.00am | : | പാസ്റ്ററൽ കൗൺസിൽ അല്മായംഗങ്ങൾ മാത്രം |
| C. | 12.30pm | : | ഉച്ചഭക്ഷണം (മേല്പറഞ്ഞവർ കൂടാതെ പ്രത്യേകം ക്ഷണിക്കപ്പെടുന്ന അതിഥികളും രൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ജീവകാരുണ്യ-സോഷ്യൽ സ്ഥാപനങ്ങളുടെയും തലവന്മാരും, അവാർഡ് ജേതാക്കളും). |

D. **1.30pm - 4.00pm പൊതുസമ്മേളനം: മേല്പ്പറഞ്ഞ എല്ലാവരേയും പൊതുസമ്മേളനത്തിലേയ്ക്ക് പ്രതീക്ഷിക്കുന്നു. പൊതുസമ്മേളന പരിപാടി പിന്നീട് അറിയിക്കുന്നതാണ്.**

രൂപതാദിന-മേജർ ആർച്ചുബിഷപ്പിനുള്ള സ്വീകരണപരിപാടികൾ വിജയിപ്പിക്കാൻ ബന്ധപ്പെട്ട എല്ലാവരുടെയും സഹകരണവും സഹായവും ഞാൻ അഭ്യർത്ഥിക്കുന്നു. മേല്പ്പറഞ്ഞ പ്രതിനിധികൾ മേൽ പറഞ്ഞിരിക്കുന്ന വിധത്തിലും സമയത്തും ആദ്യന്തം ഉണ്ടായിരിക്കണമെന്നാണ് എന്റെ ആഗ്രഹം. വേണ്ടവിധം പ്രതികരിയ്ക്കുകയും സാന്നിദ്ധ്യവും പ്രാർത്ഥനയും ശ്രമദാനവും വഴി സഹകരിക്കുകയും ചെയ്യുമല്ലൊ. നല്ലദൈവം നിങ്ങളെ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം

നിങ്ങളുടെ പിതാവ്

+ [signature]

**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

NB: ഈ വിജ്ഞാപനം 02.06.2024 ഞായറാഴ്ച രൂപതയിലെ പള്ളികളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കണം. വി. കുർബാന ഇല്ലാത്തിടങ്ങളിൽ സൗകര്യമുള്ള മറ്റു സമയത്ത് വായിക്കണം. +PA